# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2423

08/07/2015-ലെ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗങ്ങളുടെ വായ്പകൾ എഴുതിത്തള്ളാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ.കെ. ബാലൻ | | ശ്രീ. എ.പി.അനിൽകുമാർ<br>പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി |
| (എ) | പട്ടികജാതി വിഭാഗങ്ങൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള എത്ര രൂപ വരെയുള്ള വായ്പകളാണ് എഴുതി ത്തള്ളുന്നത്; തുകയുടെ പരിധി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണ് വർദ്ധിപ്പിച്ച തുകയ്ക്ക് പ്രാബല്യം നല്കിയിട്ടുള്ളത്; | (എ) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം, 12-11-2009 ലെ സ.ഉ(പി)നമ്പർ100/2009/ പജപവവിവ പ്രകാരമുള്ള കടം എഴുതിത്തള്ളൽ പദ്ധതി പ്രകാരമുള്ള ആനുകൂല്യം പല ഘട്ടങ്ങളിലായി ദീർഘി പ്പിച്ചു നൽകിയിരുന്നു. കൂടാതെ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർ പട്ടിക ജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, ഖാദി ഗ്രാമ വ്യവസായ ബോർഡ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31/03/2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടു ള്ളതുമായ 50,000/- രൂപവരെയുള്ള വായ്പകൾ 10/12/2013 ലെ സ.ഉ (പി) 99/2013/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം എഴുതിത്തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>തുടർന്ന് പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവർ പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും ആദ്യകാല ങ്ങളിൽ എടുത്തിട്ടുള്ളതും കുടിശ്ശികയായ തുമായ 4 വായ്പാ പദ്ധതികൾ പ്രകാരമുള്ള വായ്പാ കുടിശ്ശികകൾ എഴുതിത്തള്ളി ക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും കോർപ്പറേഷന് 1233.66 ലക്ഷം രൂപ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്<br><br>ഇതിനു പുറമേ സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർ, സഹ |

| | | | |
|---|---|---|---|
| | | | കരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം വരെയുള്ളതും 31/03/2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശി കയായിട്ടുള്ളതുമായ വായ്പകൾ എഴുതി ത്തള്ളുന്നത് സംബന്ധിച്ച് 30.03.2015 ലെ സ.ഉ.(അച്ചടി) നം.24/2015/പജപവവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവു പ്രകാരമുള്ള പദ്ധതിയ്ക്കും തീർപ്പാക്കുന്ന വായ്പകളുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ട തുകകൾ വിതരണം ചെയ്യേണ്ട നോഡൽ ഏജൻസി യായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആദ്യഘട്ടം എന്ന നിലയിൽ 10 കോടി രൂപ അനുവദി ക്കുകയും ചെയ്തിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വായ്പകൾ എഴുതിത്തള്ളുന്നതിനായി എത്ര രൂപയാണ് അനുവദിച്ചത്; എത്ര പേർക്ക് അതിന്റെ ഗുണം ലഭിച്ചു; വിവിധ ധനകാര്യ സ്ഥാപനങ്ങൾക്ക് എത്ര രൂപ വീതം നൽകി? | (ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |

Sali. K.T
സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്